# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.01/24/എൻ.എസ്.2

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 15/02/2024

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 2024-25 സാമ്പത്തിക വർഷത്തെ കുത്തക ലേലങ്ങൾ - സംബന്ധിച്ച്

സൂചന:- 1) 06/02/2024 ലെ ആർ.ഒ.സി.982/24/എൻ.എസ്.നമ്പർ ബോർഡുത്തരവ്
2) ഈ ആഫീസിലെ 08/02/2024 ലെ മേൽ നമ്പർ ഉത്തരവ്
3) 09/02/2024 ലെ ആർ.ഒ.സി.982/24/എൻ.എസ്.നമ്പർ ബോർഡുത്തരവ്
4) ഈ ആഫീസിലെ 09/02/2024 ലെ മേൽ നമ്പർ ഉത്തരവ്
5) 13/02/2024 ൽ മേൽ നമ്പരായി ബോർഡാഫീസിലേയ്ക്ക് നൽകിയ റിപ്പോർട്ട്
6) 14/02/2024 ലെ ആർ.ഒ.സി.982/24/എൻ.എസ്.നമ്പർ ബോർഡുത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ (ശബരിമല ഒഴികെ) 2024-25 സാമ്പത്തിക വർഷത്തെ സഞ്ചായ കുത്തക ലേലം നടത്തുന്നത് സംബന്ധിച്ച് (സൂചന 1) ബോർഡുത്തരവ് ലഭിച്ചതിനെ തുടർന്ന്, സൂചന (2) ആയി എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ/എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന (3) ആയി ലഭ്യമായ ബോർഡുത്തരവിനെ തുടർന്ന് സൂചന 2 ഉത്തരവ് താൽക്കാലികമായി റദ്ദ് ചെയ്തു സൂചന (4). തുടർന്ന് സൂചന 5 ആയി ബോർഡാഫീസിലേയ്ക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ലഭിച്ച സൂചന (6) ഉത്തരവിൻ പ്രകാരം സൂചന 2 ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നു.

- 5 ലക്ഷത്തിന് മുകളിൽ അടിസ്ഥാന ലേല തുക വരുന്ന എല്ലാ ലേലങ്ങളും, ഇ- ടെന്റർ മുഖേന അതത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ ചുമതലയിൽ നടത്തേണ്ടതാണ്.
- 5 ലക്ഷം രൂപ വരെയുള്ള ലേലങ്ങൾ അതത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ ചുമതലയിൽ നടത്തേണ്ടതാണ്
- പ്രസ്തുത ലേലങ്ങൾക്ക് പത്രപരസ്യങ്ങൾ നൽകേണ്ടതാണ്. (കേരളത്തിൽ പ്രചാരത്തിലുള്ള ഏതെങ്കിലും രണ്ട് പത്രത്തിന്റെ ആവശ്യമായ എഡിഷനുകളിൽ പരമാവധി വാക്കുകൾ കുറച്ച് പരസ്യം ചെയ്യേണ്ടതാണ്. (ഫോർമാറ്റ് ഉൾപ്പെടുത്തിയിട്ടുള്ളതാണ്).
- മുൻവർഷത്തെ (2023-24) ലേല നിബന്ധന, തൻവർഷവും തുടരേണ്ടതാണ്.
- <u>തൻവർഷത്തെ ലേലങ്ങളുടെ അടിസ്ഥാന ലേലത്തുക കഴിഞ്ഞ 6 സാമ്പത്തിക വർഷത്തെ (2018-19, 2019-20, 2020-21, 2021-2022, 2022-23, 2023-24) ഏറ്റവും ഉയർന്ന ലേലത്തുകയുടെ 10% വർദ്ധിപ്പിച്ച തുകയായി നിശ്ചയിച്ച് ലേലം ആരംഭിക്കേണ്ടതാണ്.</u>
- ഏതെങ്കിലും ദേവസ്വത്തിലെ ലേലങ്ങൾ ഇ- ടെന്റർ/ഓപ്പൺ ലേലം നടത്താതെ/വിട്ടു പോകുന്ന പക്ഷം ആയത് ബന്ധപ്പെട്ട ചുമതലക്കാരുടെ വീഴ്ചയായി കണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.
- ജി.എസ്.റ്റി തുക ലേല സമയത്ത് തന്നെ ഒന്നായി അടപ്പിക്കേണ്ടതും, ആയത് പ്രത്യേകം ചെല്ലാനായി ഒടുക്ക് വരുത്തേണ്ടതും, ജി.എസ്.റ്റി സ്റ്റേറ്റ്മെന്റ് ഓരോ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ അയയ്ക്കേണ്ടതാണ്.

- ലേലത്തോടനുബന്ധിച്ച് സർക്കാർ സ്ഥാപനങ്ങൾ ചുമത്തുന്ന തുകകൾ, ടാക്സ് എന്നിവ ലേലക്കാരൻ തന്നെ ഒടുക്കുവരുത്തേണ്ടതാണ്.

- എല്ലാ ലേലക്കാരെയുംകൊണ്ട് എഗ്രിമെന്റ് വയ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- ലേലം സംബന്ധിച്ച വിവരങ്ങൾ എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസ്, ബന്ധപ്പെട്ട ദേവസ്വങ്ങൾ എന്നിവിടങ്ങളിൽ വ്യക്തമായി കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

- ലേല തീയതിയും, ലേല നിബന്ധനകളും ദേവസ്വങ്ങളിൽ വിപുലമായി പരസ്യം ചെയ്യാത്ത ദേവസ്വം ചുമതലക്കാർക്കെതിരെ ബന്ധപ്പെട്ട ഓഫീസിൽ നിന്നും നടപടി സ്വീകരിക്കേണ്ടതാണ്.

- ലേല ഡയറി, കുത്തക രജിസ്റ്റർ ഉൾപ്പെടെ കുത്തക ലേലവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട എല്ലാ രേഖകളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതും, കൃത്യമായ ഇടവേളകളിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ടി രേഖകൾ പരിശോധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ടതും, ടി സംഗതിയിന്മേൽ കോടതി വ്യവഹാരങ്ങൾ നടക്കുന്നതിനാൽ, വീഴ്ച വരുത്തുന്നവരുടെ വിവരങ്ങൾ ഈ ആഫീസിനെ അറിയിക്കേണ്ടതുമാണ്.
- 2024-25 സാമ്പത്തിക വർഷത്തെ ലേലങ്ങളെല്ലാം നടത്തുന്നതിന് മുന്നോടിയായി WP (c) 29859/2021 നമ്പർ കേസിലെ വിധിന്യായം പരിശോധിച്ച് ആയതിൻ പ്രകാരം നടപടികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.
- കുത്തക തുക സമയബന്ധിതമായി അടയ്ക്കാത്ത ലേലക്കാർക്കെതിരെ നിയമാനുസൃത നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ ദേവസ്വങ്ങളിൽ നിന്നും സബ്ബായകുത്തക ഇനങ്ങളുടെ സ്റ്റേറ്റ്മെന്റ് അതത് ഓഫീസുകളിൽ 5 ദിവസത്തിനകം ലഭ്യമാക്കി 2024-2025 സാമ്പത്തിക വർഷത്തെ ലേലങ്ങൾ ആരംഭിക്കുന്നതിനായി അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ടെന്റർ നടപടികൾ നടത്തുന്നതിനായി ഡിജിറ്റൽ സിഗ്നേച്ചർ ഇല്ലാത്ത ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അടിയന്തിരത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ എടുക്കേണ്ടതും, ഇ-ടെന്ററുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് https://etenders.kerala.gov.in/nicgep/app എന്ന വെബ്സൈറ്റ് പരിശോധിക്കേണ്ടതും, ഇ-ടെന്ററും, റീ-ഇ ടെന്ററുമായി ബന്ധപ്പെട്ട നടപടികൾ മാർച്ച് 10 നകം പൂർത്തിയാക്കേണ്ടതും, മാർച്ച് 31 നകം എല്ലാ ലേല നടപടികളും അവസാനിപ്പിച്ച് സ്റ്റേറ്റ്മെന്റ് ഈ ആഫീസിൽ ഹാജരാക്കേണ്ടതുമാണ്.

ദേവസ്വം കമ്മീഷണർ
(ഇൻ-ചാർജ്ജ്)
Devaswom Commissioner Office

പകർപ്പ്:- 1) എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2) ഐ.റ്റി.സെക്ഷൻ
3) സെക്ഷൻ ഫയൽ

Jyo.15/02

